(ഡി) ഈ ഗവൺമെന്റ് നിർദ്ദേശം നടപ്പിലാക്കാത്ത ആരുടെയെങ്കിലും പേരിൽ നടപടികൾ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത സർക്കാർ നിർദ്ദേശത്തിനുശേഷം ലോക്കൽ ഫണ്ട് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഇൻസ്പെക്ടർ, ഓഡിറ്റർ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം, പ്രമോഷൻ എന്നിവ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) നിർദ്ദേശം പാലിക്കപ്പെടുന്നുണ്ട്.

(ഡി) ഉത്തരം 'സി' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

38 (1001) ഓഡിറ്റ് പരിധിയിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതും എന്നാൽ ഇനിയും ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ഗവൺമെന്റ് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളെ എന്നേയ്ക്ക് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽപ്പെടുത്താനാകുമെന്നാണ് ഗവൺമെന്റ് കരുതുന്നതെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ഷെഡ്യൂളിൽ ഓഡിറ്റ് നടത്തേണ്ട 52 സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ ഉണ്ടോ എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽ വന്നാൽ ടി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി)&(സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

39 (1002) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ്

ശ്രീമതി രാധാ രാഘവൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ജനകീയാസൂത്രണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരവ്-ചെലവ് ഇനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവും ഓഡിറ്റ് ജോലിയിൽ വന്നിട്ടുള്ള വ്യാപ്തിയും കണക്കിലെടുത്ത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ കൂടുതലായി വേണ്ടത്ര ജീവനക്കാരെ ലഭ്യമാക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫലപ്രദവും കാര്യക്ഷമവും ആക്കിത്തീർക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ ഏതെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ അധിക ജോലിഭാരം കണക്കിലെടുത്ത് 15.5.1998 ലെ സർക്കാർ ഉത്തരവ് (എം.എസ്) 1459/98/ഫിൻ പ്രകാരം 132 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനും ജീവനക്കാർക്ക് വിവിധ തലത്തിലുള്ള ട്രെയിനിംഗ് നൽകുന്നതിനും വേണ്ടിയുള്ള ശുപാർശകൾ ഗവൺമെന്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

40 (1003) ശമ്പള ബില്ലുകളുടെ പരിശോധനയ്ക്ക് ആവശ്യമായ പരീക്ഷാ യോഗ്യതകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശമ്പളബില്ലുകൾ പരിശോധിക്കുകയും കൗണ്ടർ സൈൻ ചെയ്യുകയും ചെയ്യുന്ന ഉദ്യോഗസ്ഥൻമാർക്ക് കേരള ട്രഷറി കോഡും ഫിനാൻഷ്യൽ കോഡുമടങ്ങിയ അക്കൗണ്ട് ടെസ്റ്റ് പാസ്സാകണമെന്നുണ്ടോ;

(ബി) ശമ്പളബിൽ കൗണ്ടർ സൈൻ ചെയ്യുന്ന ഏതെങ്കിലും വിഭാഗം ഉദ്യോഗസ്ഥൻമാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ അനുമതിയോടെ സ്ഥിരം ടെക്സ്റ്റ് എക്സംപ്ഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അക്കൗണ്ട് ടെസ്റ്റ് പാസാകാത്ത ഉദ്യോഗസ്ഥൻമാർക്ക് ശമ്പള ബില്ല് കൗണ്ടർ സൈൻ ചെയ്യാൻ അനുമതി നൽകുന്നതിൽ അപാകത ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ട്രഷറി വകുപ്പിനെ സംബന്ധിച്ചിടത്തോളം ട്രഷറികളിൽ സമർപ്പിക്കുന്ന ശമ്പള ബില്ലുകൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥർക്ക് കേരള ട്രഷറികോഡും ഫിനാൻഷ്യൽ കോഡുമടങ്ങിയ അക്കൗണ്ട് ടെസ്റ്റ് പാസ്സാകണമെന്നില്ല. എന്നാൽ ട്രഷറികളിൽ ശമ്പള ബില്ലുകളിൽ പേ ഓർഡർ ഒപ്പുവയ്ക്കുന്ന ഉദ്യോഗസ്ഥർക്ക്, കേരള ട്രഷറി കോഡും, ഫിനാൻഷ്യൽ കോഡും അടങ്ങിയ അക്കൗണ്ട് ടെസ്റ്റ് പാസ്സാകണമെന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly